

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**22 November 2019**
**24 Rabi'ul Awwal 1441 AH**

# VISIT TO MADAGASCAR & MUHAMMAD (PBUH) THE BEST STATESMAN

## മഡഗാസ്ക്കറിലേക്കൊരു സന്ദർശനം: മുഹമ്മദ്(സ) ഏറ്റവും ശ്രേഷ്ഠനായ രാഷ്ട്രതന്ത്രജ്ഞൻ

സലാമിനു ശേഷം ഹസ്രത് ഖലീഫാത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാതിഹ ഓതിയ ശേഷം **മഡഗാസ്ക്കറിലേക്കൊരു സന്ദർശനം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അല്ലാഹു(ത)യുടെ അനുഗ്രഹത്താൽ മഡഗാസ്ക്കർ സന്ദർശനം പൂർത്തിയാക്കി ഞാൻ മടങ്ങി എത്തിയിരിക്കുന്നു. പ്രസ്തുത യാത്ര തികച്ചും സംശുദ്ധമായ ദൈവീകാനുഗ്രഹത്തിലൂടെയായിരുന്നു വെന്നും, അത്തരം അനുഗ്രഹ പ്രകടനത്തിലൂടെയാണ് അത് വിജയപ്രദമായി തീർന്നതെന്നും പറയേണ്ടിയിരിക്കുന്നു. *ലാ ഗാലിബ ഇല്ലല്ലാഹ്* (അല്ലാഹുവിനെ അതിജയിക്കുന്നവൻ അവനല്ലാതെ മറ്റാരുമില്ല) 2015ലെ സന്ദർശനത്തിന് ശേഷം ഇപ്പോൾ ഞാൻ മഡഗാസ്ക്കറിലിറങ്ങിയപ്പോൾ എന്റെ അനുചരന്മാർ വളരെ വൈകാരികമായിട്ടാണ് എന്നെ വരവേറ്റത്, അതവർ ഉള്ളുതുറന്നു പ്രകടിപ്പിക്കുകയും ചെയ്തു. 2015ന് ശേഷം ഇതുവരെയും ഞാൻ അവിടെ സന്ദർശിക്കാത്തതിലുള്ള അവരുടെ വിഷമം അവർ ഉള്ളുതുറന്നു പ്രകടിപ്പിക്കുകയുണ്ടായി. അവരുടെ പ്രസ്തുത വിചാരവികാരങ്ങൾ അവരുടെ മുഖകമലങ്ങളിലും കണ്ണുനീരിലും പ്രകടമായിരുന്നു. അതു സന്തോഷാശ്രുക്കളായിരുന്നു, അതൊരു അസാധാരണ സന്തോഷ പ്രകടനമായിരുന്നു. അതുപോലെ ഞാൻ അവിടെ നിന്ന് മൗറിഷ്യസിലേക്ക് മടങ്ങിയപ്പോൾ, അവർ വളരെ ദുഃഖിത

രായി തീർന്നു, ഞാൻ മടങ്ങിപോകുന്നത് അവർ ആഗ്രഹിക്കുന്നില്ല. വളരെക്കാലം ഞാൻ അവരോടൊപ്പം തന്നെ കഴിയണമെന്നായിരുന്നു അവരുടെ ആഗ്രഹം.

ഒരാഴ്ചത്തെ അവിടെ നടന്ന സംഭവങ്ങൾ, അവരോടൊപ്പം കഴിഞ്ഞ ദിനരാത്രങ്ങൾ വിവരിക്കുവാനുള്ള യഥാർത്ഥ വാക്കുകൾ എനിക്ക് കിട്ടുന്നില്ല. എവിടെ തുടങ്ങണമെന്നോ എവിടെ അവസാനിപ്പിക്കണമെന്നോ എനിക്കറിയില്ല. അതെ, അവിടെ, അത്യപൂർവ്വമായ അനേകം സംഭവങ്ങൾ അരങ്ങേറുകയുണ്ടായി.

അല്ലാഹു(ത) അവൻ സ്വയം പ്രകടമാക്കിയ അനേകം ദൃഷ്ടാന്തങ്ങൾ അവിടെ ഉണ്ടായി. അവയ്ക്കൊക്കെ മഡഗാസ്ക്കറിലെ എന്റെ അനുചരന്മാർ സാക്ഷ്യം വഹിക്കുകയുണ്ടായി. അതിലെ ഒരു സംഭവം, മഡഗാസ്ക്കറിൽ വളരെ വിദൂരത്തുള്ള ഒരു ഗ്രാമത്തിൽ, ഞങ്ങൾ പോവുകയായിരുന്നു. നേരം സന്ധ്യ ആകാറായി, സർവ്വകലാശാല വിദ്യാർത്ഥിയായ എന്റെ ഒരു അനുചരൻ നാസിർ സാഹിബ് എന്നോട് പറഞ്ഞു. പ്രസ്തുത യാത്രയിൽ എന്നോടൊപ്പം ഉണ്ടായിരുന്ന എല്ലാവരുടെയും സാന്നിധ്യത്തിലാണ് ഇത് പറയുകയുണ്ടായത്. അല്ലയോ! അല്ലാഹുവിന്റെ ഖലീഫ, നാമിപ്പോൾ വളരെ അപൂർവ്വമായി മാത്രം മഴ പെയ്യുന്ന ഒരു സ്ഥലത്താണുള്ളത്. ജലത്തിന്റെ അഭാവം മൂലം മനുഷ്യരും മൃഗങ്ങളും സസ്യജാലങ്ങളും വളരെ വിഷമഘട്ടത്തിലാണ്. അങ്ങ് പ്രാർത്ഥിച്ചാലും ! മഴയാൽ അല്ലാഹു(ത) ഈ ഗ്രാമത്തെ അനുഗ്രഹിക്കട്ടെ! അങ്ങനെ ഈ കാര്യം പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു, ശരി! നമുക്ക് പ്രാർത്ഥിക്കാം. അപ്പോൾ രാവാകാറായി വരുന്നതേയുള്ളൂ. അഥവാ സന്ധ്യയോടു അടുത്തുള്ള സമയം, എങ്കിലും ഉഷ്ണം അതികഠിനമായിരുന്നു. സൂര്യൻ അസ്തമിക്കാറായെങ്കിലും ചൂട് കഠിനതരമായിരുന്നു. ക്രയോൾ ഭാഷയിൽ ഒരു പ്രയോഗത്തിൻ പറയുന്നതുപോലെ സൂര്യൻ ഞങ്ങളിൽ കത്തിജ്വലിക്കുകയായിരുന്നു. മണ്ട് ഉരുകുന്ന നിലയിൽ!

ഞാനെന്റ ഇരുകരങ്ങളും ഉയർത്തി, ആ ഗ്രാമത്തിൽ നിന്നു പ്രാർത്ഥിച്ചു, എന്റെ പ്രാർത്ഥനകൾ ഞാൻ പൂർത്തിയാക്കിയപ്പോൾ, പത്തുമിനിട്ടുകൾക്ക് ശേഷം, ആകാശം കറുത്തിരുണ്ടു, മിന്നൽ പ്രകടമായി, പ്രസ്തുത മിന്നൽ

പ്രകാശം, ഒരസാധാരണമായ പ്രകാശം അതുപുറപ്പെടുവിച്ചു; പുറത്തേക്ക് വിട്ടു! ഇടിനാദത്താൽ എല്ലാവരും ഭയന്നുവിറച്ചു. നമുക്കെല്ലാപേർക്കും അറിവുള്ള കാര്യമാണ്, അതായതു മിന്നൽ പ്രകാശിക്കുമ്പോൾ, വളരെ ശബ്ദത്തോടെ അത് ഏതാനും സെക്കന്റുകൾ മാത്രമായിരിക്കും ഉണ്ടാകുന്നത്. അതായത് ഇടിയോടു കൂടി മിന്നൽ ഏതാനും സെക്കന്റുകൾ മാത്രമായിരിക്കും ഉണ്ടാവുക. എന്നാൽ ഈ പ്രത്യേക മിന്നൽ എന്ന ഈ ദൃഷ്ടാന്തം അവിടെ പ്രകടമായപ്പോൾ, അത് അവിടെ വലിയ അളവിൽ ഒരു പ്രകാശധാര ചൊരിയുകയുണ്ടായി; എല്ലാ ആളുകൾക്കും ആകാശത്തേക്കു പ്രസ്തുത ദൃഷ്ടാന്തം നോക്കുവാൻ കഴിഞ്ഞു. അതിൽ ദൃശ്യമായ അത്ഭുതമെന്തെന്നുവെച്ചാൽ, പ്രസ്തുത പ്രകാശം അല്ലാഹുവിന്റെ പേര് ആകാശത്തിൽ എഴുതുന്നതുപോലെ രൂപപ്പെടുകയുണ്ടായി. പ്രസ്തുത ദൃഷ്ടാന്തത്തിന് സാക്ഷ്യം വഹിച്ചത് ഞാൻ മാത്രമല്ല മറിച്ച്, അവിടെ സന്നിഹിതരായിരുന്നവരെല്ലാം പ്രസ്തുത ദൃഷ്ടാന്തത്തിന് സാക്ഷ്യം വഹിക്കുകയുണ്ടായി, ഞാനിതു കണ്ടപ്പോൾ, ഞാൻ നിശ്ശബ്ദനായി നിന്നുപോയി. മറ്റുള്ളവർ ഉച്ചത്തിൽ മറ്റാളുകളോട് ഈ അത്ഭുതദൃഷ്ടാന്തം കാണുവാൻ ഉച്ചത്തിൽ വിളിച്ചുപറയുന്നുണ്ടായിരുന്നു. ആകാശത്ത് ദൃശ്യമായ ഈ അത്യപൂർവ്വ അത്ഭുത ദൃഷ്ടാന്തം! തുടർന്നു. ഒരഞ്ചു മിനിറ്റുകൾക്ക് ശേഷം അതിശക്തമായ മഴ വർഷിക്കുകയുണ്ടായി. അഞ്ചു ദിവസം തുടർച്ചയായി പെയ്തിറങ്ങി, അത് മൂലം ജനങ്ങൾ വളരെയധികം സന്തോഷഭരിതരായി തീരുകയുണ്ടായി. അതിൽ നിന്നും അവർ പ്രയോജനം ആർജ്ജിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ്! സുമ്മഅൽഹംദുലില്ലാഹ് ! അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അത്തരം ഒരാഴ്ച ആയിരുന്നു മഡഗാസ്ക്കറിൽ! ഇതിലൂടെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾ വളരെയധികം ആത്മീയ പുരോഗതി നേടുകയുണ്ടായി. അത് ഏതാനും വാക്കുകളിൽ വർണ്ണിക്കാവതല്ല. അല്ലാഹു(ത) അവന്റെ എണ്ണമറ്റ അനുഗ്രഹങ്ങളും ഔദാര്യങ്ങളും അവിടെ പ്രകടമാക്കുകയുണ്ടായി. തീർച്ചയായും അല്ലാഹു(ത) മഹത്വമുടയുവനാണ്; അതുകൊണ്ട് തന്നെ അവന്റെ

അനുഗ്രഹങ്ങളും മഹത്വമുടയതുതന്നെ!

ഞാനും എന്റെ അനുചരന്മാരും ഒരുമിച്ച് കഠിന പ്രയത്ന ത്തിൽ ഏർപ്പെടുകയുണ്ടായി, നിങ്ങൾക്കറിയാവുന്നതുപോലെ മഡഗാസ്ക്കർ ഒരു വളരെ വലിയ രാജ്യമാകുന്നു. ചില ചരി ത്രകാരന്മാർ പറയുന്നതുപോലെ, ഫ്രാൻസിന്റെ രണ്ടിരട്ടി വലി പ്പുമുണ്ട് മഡഗാസ്ക്കറിന്!

മറ്റൊരു ദിവസം മറ്റൊരു വലിയ ഗ്രാമം സന്ദർശിക്കുവാ നായി ഞങ്ങൾ പോവുകയുണ്ടായി. അന്നവിടെ മറ്റൊരു മഹാ ത്ഭുതം അരങ്ങേറുകയുണ്ടായി. മഗ്‌രിബ് നമസ്ക്കാര സമയ മായി ആയതിനാൽ, നമസ്ക്കാരത്തിനായി ഞങ്ങൾ യാത്ര നിർത്തി. നമസ്ക്കാരം കഴിഞ്ഞപ്പോൾ, ഒരു പ്രകാശം ആകാ ശത്ത് പ്രകടമാവുകയുണ്ടായി. അല്ലാഹുവിന്റെ പേര് ആകാ ശത്ത് പ്രസ്തുത പ്രകാശത്തിൽ രൂപം കൊള്ളുന്നതിന് ഞങ്ങ ളെല്ലാവരും സാക്ഷ്യം വഹിക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, മഡഗാസ്ക്കറിലെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്, ഞാൻ നടത്തിയ പ്രസ്തുത സന്ദർശത്തിലൂടെ, 2013ലും 2015ലും നടത്തിയ സന്ദർത്തിനേക്കാൾ അഞ്ച് മടങ്ങി ലധികം പുരോഗതി ലഭ്യമായിട്ടുണ്ട്. അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്!

ഇപ്പോൾ നമുക്ക് ഇവിടെ മൂന്ന് പള്ളികളുണ്ട്. ഇനി നമുക്ക് ഇവിടെ ഒരു മദ്രസ്സ നിർമ്മിക്കേണ്ടതായിട്ടുണ്ട്, നമ്മുടെ കുട്ട കൾക്ക് ആത്മീയ വിദ്യാഭ്യാസം നല്കുന്നതിനായി! കൂടുതൽ ടോ്ൈ ലൈറ്റുകൾ നിർമ്മിക്കണം, അതുപോലെ കുറഞ്ഞത് രണ്ട് കുളിമുറികളെങ്കിലും നിർമ്മിക്കേണ്ടതായിട്ടുണ്ട്. അതുപോലെ വുദൂഖാന യും വേണം. പള്ളിക്ക് ചുറ്റും മതിലും നിർമ്മി ക്കേണ്ടതായിട്ടുണ്ട്. ഓഫീസുകളും കമ്മിറ്റി റൂമുകളും ആവ ശ്യമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാം ഉണ്ടാകും. എല്ലാം നന്ദിയും അവനുമാത്രം സമർപ്പിക്കാം. എന്റെ ശിഷ്യന്മാ രുടെ സംഭാവനയാലുള്ള ഭൂമിയാണിത്. അതവർ ജമാഅത്തി നായി നല്കിയതാണ്. എല്ലാ പേപ്പറുകളും നിയമാനുസൃതം ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെ ഇപ്പോൾ ഒരു പള്ളി നിർ മ്മാണത്തിലുമാണ്. പ്രസ്തുത ഗ്രാമങ്ങളിൽ വെള്ളത്തിന്റെ പ്രശ്നങ്ങളുമുണ്ട്. ഭൂമിക്കടിയിൽ നിന്ന് ജലം ലഭ്യമാകുന്നതിന്

ഏകദേശം 12, 15 മീറ്റർ ആഴത്തിൽ വെള്ളത്തിനായി കുഴി ക്കേണ്ടതായിട്ടുണ്ട്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ രണ്ട് സ്ഥലങ്ങൾ ഞാൻ സന്ദർശിച്ചതിലൂടെ, ഞങ്ങൾ ഞങ്ങളുടെ വാർഷിക സമ്മേള നവും സംഘടിപ്പിക്കുവാനുള്ള അവസരമുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ പുതിയ അംഗങ്ങൾക്കും പങ്കെടുക്കുവാൻ അവ സരം ഉണ്ടായി. എന്റെ അനുചരന്മാർ അവിടെ വളരെ വലിയ ദഅ്വ ജോലികൾ ചെയ്തു എന്നത് എടുത്തു പറയേണ്ടുന്ന കാര്യം ആണ്-അവർ പാവങ്ങളായിരിന്നിട്ടുകൂടി, അവർക്ക് ജീ ക്കുവാനുള്ള സൗകര്യങ്ങൾ ഇല്ലായിരിന്നിട്ടു പോലും! എന്നിട്ടും അവർ ഇതിനായി രാവും പകലും സഞ്ചരിച്ചു. വനാന്തരങ്ങളി ലൂടെ യാത്ര ചെയ്തു. എന്നിട്ട് അവർ ഈ ദൈവീക ദൃഷ്ടാന്തം, സഹീഹിൽ ഇസ്ലാം സന്ദേശം എത്തിയിക്കുവാൻ കഠിനമായി യത്നിച്ചു. അവർ പാവങ്ങളായിരുന്നു. എന്നാൽ അല്ലാഹുവി നോടും അവന്റെ ഖലീഫയോടുമുള്ള അവരുടെ സ്നേഹം അതി ശക്തമായിരുന്നു. നിങ്ങൾക്കെല്ലാപേർക്കും അറിയാവുന്നതു പോലെ! ഇതൊരു പാവപ്പെട്ട രാജ്യമാണ്. ഇവിടുത്തെ ജന ങ്ങൾ വളരെ പ്രയാസത്തിലാണ് തങ്ങളുടെ ജീവിതം തള്ളിനീ ക്കുന്നത്. അവർ, എന്റെ അനുചരന്മാർ, ഇസ്ലാമിന്റെ സന്ദേശം കൈമാറാനായി ദിവസങ്ങളോളം സഞ്ചരിക്കുന്നു. മറ്റു മതങ്ങ ളിലുള്ള അനേകർ ഇസ്ലാമിലേക്ക് പ്രവേശക്കുന്നുണ്ട്. ഇപ്പോൾ, അവർ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവർത്തിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഞാൻ അവരെയെല്ലാം സന്ദർശിക്കുകയുണ്ടായി. ഞാൻ അവിടം സന്ദർശിക്കു മ്പോഴെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ അനു ചരന്മാർ ചെയ്യുന്ന പ്രവർത്തിയിൽ ഞാൻ അതീവ സന്തുഷ്ട നണ്. അവരെ സന്ദർശിക്കുക എന്നത് എന്റെ ഉത്തരവാദി ത്വവുമാണ്. പള്ളി നിർമ്മാണം പുരോഗമിക്കുന്ന മറ്റൊരു ഗ്രാമ ത്തിൽ ഞങ്ങൾക്ക് സീറത്തുന്നബീ യോഗം സംഘടിപ്പിക്കുവാൻ കഴിഞ്ഞു എന്നത് ആഹ്ലാദം പകരുന്ന മറ്റൊരു സംഗതിയാ ണ്. ഖലീഫത്തുല്ലാഹ്യുടെ കയ്യിൽ 1500 ഓളം പുതിയ ആളു കൾ നേരിട്ട് ബൈഅത്ത് ചെയ്യുകയുണ്ടായി. അൽഹംദുലി ല്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്!

മൂന്ന് വ്യത്യസ്ത സ്ഥലങ്ങളിൽ വെച്ച് മുലാഖാത്ത് നടത്തുയുണ്ടായി. അവിടത്തേക്കായി അമീർമാരെയും മറ്റുഭാരവാഹികളെയും നിശ്ചയിക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരെല്ലാം വളരെ സന്തോഷത്തിൽ, അവർ ഇപ്രകാരം പറയുകയും ചെയ്തു. "ഇൻഡ്യയിലെ ഞങ്ങളുടെ സഹോദരി സഹോദരന്മാരെ ഞങ്ങൾ നന്ദി അറിയിക്കുകയാണ്" (തമിഴ്നാട്, കേരളം, ഡൽഹി തുടങ്ങിയ) അവർ നല്കിയ സംഭാവനകൾക്കും മഡഗാസ്ക്കറിലെ ഞങ്ങളോട് കാട്ടിയ അവരുടെ സ്നേഹപ്രകടനങ്ങൾക്കും, ഇൻഡ്യയിലെ സഹോദരി സഹോദരന്മാർക്ക് വേണ്ടി ചെയ്ത പ്രാർത്ഥനയിൽ അവരെല്ലാവരും എന്നോടൊപ്പം ചേരുകയുണ്ടായി. (ഇൻഡ്യയിൽ, തമിഴ്നാട്, മേലെപ്പാളയം, ട്രിച്ചി, കോട്ടാർ, കോയമ്പത്തൂർ, കേരളത്തിൽ മാത്ര, കണ്ണൂർ, ആലപ്പുഴ, കളിയ്ക്കവിള, പാലക്കാട്)

എന്റെ വെള്ളിയാഴ്ച ഖുത്തുബയുടെ ഒന്നാം ഭാഗം അവസാനിപ്പിക്കുന്നതിന് മുൻപ് ഒരു കാര്യം പറയുവാൻ ആഗ്രഹിക്കുകയാണ്, എന്റെ അസാന്നിധ്യത്തിൽ, കഴിഞ്ഞ ആഴ്ച ഖുത്തുബ നിർവ്വഹിച്ചത് അബ്ദുൽ മുഹൈമിൻ ആകുന്നു. അൽഹംദുലില്ലാഹ്! (2015 ജനുവരി 02-ാം തീയതിയിലെ ഖുത്തുബയാണ് വായിക്കപ്പെട്ടത്)

തമിഴ്നാട്, കോട്ടാർ ശാഖയിലെ, നാഇബ് അമീർ, ഷാഹുൽ ഹമീദ് ഫൈസൽ സാഹിബും അദ്ദേഹത്തിന്റെ ഭാര്യ ഹംദ: സാഹിബയും, നാഇബ് സദ്ർ ഫഹീമസാഹിബയും അവരുടെ കുട്ടികളും, അതുപോലെ കോട്ടാറിലെ മറ്റുള്ളവരും അവർ റിപ്പോർട്ടുകൾ അയയ്ക്കുമ്പോഴും വ്യക്തിപരമായ ഈമെയിലുകൾ അയയ്ക്കുമ്പോഴും പ്രസ്തുത കത്തിന്റെ ആരംഭത്തിൽ, ഖലീഫത്തുല്ലാഹ്യ്ക്ക് വേണ്ടി പ്രത്യേകം ദുആ ചെയ്യാറുണ്ട്, പ്രസ്തുത കാര്യത്തെ ഞാൻ അഭിനന്ദിക്കുകയും, ഞാനത് വളരെ ഇഷ്ടപ്പെടുന്ന കാര്യമാണ് എന്നറിയിക്കുകയും ചെയ്യട്ടെ!

നിങ്ങൾക്കെല്ലാവർക്കും അല്ലാഹു(ത) നല്ല ആരോഗ്യം പ്രദാനം ചെയ്യട്ടെ, ദീർഘായുസ്സ് പ്രദാനം ചെയ്യട്ടെ, ഇസ്ലാമിന്റെ വിജയപാതയിലെ ഓരോ ചുവട്ടടിയും വിജയപ്രദമാക്കട്ടെ, ആമീൻ, സുമ്മആമീൻ.

എനിക്കായി അല്ലാഹു(ത)യുടെ മുൻപിൽ അവർ

സമർപ്പിക്കുന്ന ഈ ദുആ, ഞാൻ അവർക്കായും അതേ ദുആ സമർപ്പിക്കുകയാണ്, ദീനുൽ ഇസ്ലാം ജോലികളിൽ അല്ലാഹു(ത) അവർക്ക് വിജയം പ്രദാനം ചെയ്യട്ടെ.

അൽഹംദുലില്ലാഹ്! ഈ പ്രാർത്ഥന വളരെ വലിയ സ്വാധീനം ഉളവാക്കുന്ന പ്രാർത്ഥന തന്നെയാണ്. ഇതിലൂടെ അല്ലാഹു(ത) ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന് വിജയത്തിനു മേൽ വിജയം പ്രദാനം ചെയ്യട്ടെ. തീർച്ചയായും ഇത് അല്ലാഹുവിന്റെ വിജയം തന്നെയാണ്. ലാഗാലിബ ഇല്ലല്ലാഹ് (അല്ലാഹുവിനെ അതിജയിക്കുവാൻ മറ്റാരുമില്ല)

അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്താം! തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം നിറവേറ്റപ്പെടുന്നതുതന്നെയാണ്. സ്തുതി അല്ലാഹുവിനു മാത്രമുള്ളതാണ്. നാം അവന്റെ മഹത്വം വാഴ്ത്തേണ്ടതാണ്, അത് നാം ആവർത്തിച്ചു കൊണ്ടിരിക്കേണ്ടതാണ്.

## MUHAMMAD (AS) THE ULTIMATELY TRUE & PERFECT POLITICAL FIGURE

## മുഹമ്മദ് (സ) സമ്പൂർണ്ണവും പരമസത്യവുമായ രാഷ്ട്രീയ പ്രതിരൂപമാണ്

രാഷ്ട്രീയ രംഗം നാം അവലോകനം ചെയ്യുമ്പോൾ, ഇന്ന് അനേകം ആളുകളും, അവരുടെതന്നെ ഭൂമിയുടെ കാര്യത്തിൽ ആശങ്കാകുലരാണ്, അവരുടെ അടുത്ത തലമുറകളുടെ കാര്യത്തിലും ഭയപ്പാടിലാണ്, അവരുടെ തന്നെ രാജ്യത്തിലെ പൊതു ജനങ്ങളുടെ കാര്യത്തിലും, ഭയപ്പെടൽ തന്നെയാണ്, ഇന്ന് നാം എന്താണ് കാണുന്നത്, (നോക്കൂ മനുഷ്യാവകാശങ്ങൾ പാടെ കയ്യൊഴിക്കപ്പെട്ടിരിക്കുന്നു; പണത്തിനുവേണ്ടിയുള്ള രാഷ്ട്രീയക്കളിയാണ് നടക്കുന്നത്; അധികാരം കയ്യിലെടുക്കുക എന്നതാണ് ഇന്നത്തെ രാഷ്ട്രീയം. രാഷ്ട്രീയത്തിൽ ഇന്ന് ചതിയും വഞ്ചനയും നൃത്തമാടുന്നു)

തീർച്ചയായും ഇത് വളരെ സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണ്. അതിലൂടെ അതിനെ വളർത്തി വലുതാക്കേണ്ടതാണ്. (എന്റെ വെള്ളിയാഴ്ച ഖുത്തുബകൾ

പോലെ) രാഷ്ട്രീയം വളരെ പ്രധാനപ്പെട്ടതാണെങ്കിലും, സത്യസന്ധമായ. കലർപ്പില്ലാത്ത രാഷ്ട്രീയം സമൂഹത്തിന്റെ ദൈനം ദിനമുള്ള നല്ല പ്രവർത്തനത്തിന് വളരെ അത്യന്താപേക്ഷിതമാകുന്നു, ഓരോ രാജ്യത്തും മാത്രമല്ല മുഴുലോകത്തും അത് അനിവാര്യമാണ്.

നല്ല ആളുകൾ ഉണ്ടെങ്കിൽ പോലും, സമൂഹത്തിലെ മോശമായ പുല്ലുകളെ വേരൊടെ പുഴുതു മാറ്റുവാൻ, കഠിനമായി അവർ യത്നിക്കുന്നു, നല്ല തെളിഞ്ഞ ബുദ്ധിവൈഭവത്താൽ, എന്നിട്ട് സമൂഹത്തിലെ, രാഷ്ട്രീയ ലോകത്തെ നല്ല നിലയിൽ പരിവർത്തനം ചെയ്യുവാൻ അവർ ആഗ്രഹിക്കുന്നു. എന്നിട്ട് രാഷ്ട്രത്തെ നല്ല നിലയിൽ ഭരിക്കുവാൻ അവർ ശ്രമിക്കുന്നു. എന്നാൽ ദൗർഭാഗ്യവശാൽ അവരുടെ പ്രവർത്തന വഴിയിൽ അനേകം തടസ്സങ്ങളുണ്ട്. അനേകം തടസ്സങ്ങളിൽ ഒന്ന് പണമാകുന്നു, പണത്തിന്റെ സ്വാധീനം പണത്തിന്റെ സ്വാധീനത്താൽ അവർ ബുദ്ധിശക്തിയെ വിലയ്ക്കുവാങ്ങുന്നു. എന്നിട്ട് അവർ സത്യസന്ധതയും ധാർമ്മികതയും ഒരു വശത്തേക്ക് മാറ്റി വെയ്ക്കുന്നു. എന്നിട്ട് ചതിയ്ക്കും വഞ്ചനയ്ക്കും അനുസൃതമായി അവർ നൃത്തം വെയ്ക്കുന്നു. അത്ഭുതമെന്നല്ലാതെ മറ്റെന്തു പറയുവാനാണ്, ഇന്നത്തെ നമ്മുടെ സമൂഹം, ആഗോളതലത്തിൽ നാം വീക്ഷിച്ചാൽ, ദൈനം ദിനം അധഃപതിച്ചു കൊണ്ടിരിക്കുന്നതായി നമുക്ക് മനസ്സിലാകും. സമൂഹത്തിലെ തിന്മകൾ ശക്തി പ്രാപിക്കുന്നു. ക്രമസമാധാന നില തകരുന്നു. ലോകത്തിലെ അനേകം രാജ്യങ്ങളും നാശത്തിലകപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ജനതയുടെയും ലോകത്തിന്റെയും ഉത്തമ താത്പര്യത്തിനായി പ്രവർത്തിക്കുവാൻ സാധിക്കാതെ വന്നിരിക്കുന്നു. ഓരോ സമൂഹത്തെയും തെറ്റായ നിലയിൽ കൈകാര്യം ചെയ്യുന്നതിനാൽ ലോകജനത ക്ലേശങ്ങളനുഭവിച്ചു കൊണ്ടിരിക്കുയാണ്. തന്മൂലം ആഗോള സമൂഹം അതിന്റെ മോശമായ പ്രത്യാഘാതം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

സർവ്വശക്തനായ ദൈവത്തിന്റെ (അല്ലാഹുവിന്റെ) അനുഗ്രഹത്താൽ ഇസ്ലാം അതിന് ആവശ്യമായ എല്ലാവിധ സാധന സാമഗ്രികളുമുണ്ട്. ഈ ലോകത്തെ ഏറ്റവും നല്ലനിലയിൽ പരിവർത്തനവിധേയമാക്കുവാൻ, നൂറ്റാണ്ടുകളിലൂടെയുള്ള

പ്രയാണത്തിൽ ഇതിന്റെ മുഴുവൻ ക്രഡിറ്റും അല്ലാഹു(ത) യുടെ കല്പനകൾക്കുമാത്രമുള്ളതാകുന്നു. വിശുദ്ധഖുർആൻ ആകുന്ന സമ്പൂർണ്ണ ഗ്രന്ഥത്തിനുള്ളതാണ് ഈ മഹത്വം മുഴുവൻ! ഖാത്തമുന്നബിയ്യീൻ ആയ (മുഹമ്മദ് മുസ്തഫ(സ)ലൂടെ അവ മുഴുവൻ പ്രവർത്തിപഥത്തിലൂടെ കാണിക്കപ്പെടുകയുണ്ടായി.

അനേകർ ഇസ്ലാമിനെ ഒരു വിശ്വാസ സംഹിത എന്ന നിലയിൽ വിശ്വസിക്കുന്നില്ല. എന്നാൽ പ്രസ്തുത ഇസ്ലാമിനെ അവർക്ക് നിരാകരിക്കുവാനും കഴിയുന്നില്ല, അതിന്റെ ധാർമ്മികമൂല്യങ്ങൾ, കല്പനകൾ ഇവകൾ പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതിനെ അവർക്ക് നിരാകരിക്കുവാൻ കഴിയുന്നില്ല. എന്നാൽ ഇന്ന് ഇതിന്റെ ആളുകൾ എന്ന് പറയുന്നവരിലൂടെ ഇതിന്റെ സത്യത, ധാർമ്മികത പുറത്തു വരുന്നില്ല. സർവ്വശക്തനായ ദൈവവും മഹാനായ പ്രവാചകനും പഠിപ്പിച്ചതനുസരിച്ചുള്ള പദ്ധതികളും, നിയമങ്ങളും, ഭരണനൈപുണ്യവും സമൂഹത്തിന്റെ മുഖത്തെ നന്മയിലേക്ക് പരാവർത്തനം ചെയ്യിക്കുവാൻ പര്യാപ്തമാണ്. അത്ഭുതമെന്ന് പറയട്ടെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)യുടെ വഫാത്തിനു ശേഷം, അവരുടെ രാജ്യങ്ങളെ, പ്രദേശങ്ങളെ മുഹമ്മദ് മുസ്തഫ(സ) ഭരണനിർവ്വഹണം നടത്തിയതുപോലെ നന്നായി മറ്റാരും നടത്തിയിട്ടില്ല എന്ന വസ്തുത അവശേഷിക്കുന്നു.

പരിശുദ്ധ പ്രവാചകൻ(സ)യുടെ സന്ദേശത്തിന്റെ/ദൗത്യത്തിന്റെ പ്രധാന വസ്തുതയുടെ, ഒരു രൂപരേഖ നമുക്കൊന്നു പരിശോധിക്കാം.

## മുഹമ്മദ് : ഏറ്റവും നല്ല രാജ്യതന്ത്രജ്ഞൻ
## MUHAMMAD: THE BEST STATESMAN

സർവ്വശക്തനായ അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഒരു ഉത്തമ മാതൃകയുണ്ട്. അതായത് അല്ലാഹുവിനെയും അന്ത്യനാളിനെയും ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക് (33:22)

ഉത്തമമാതൃകാപുരുഷനാണ് എന്നതുകൊണ്ടർത്ഥമാക്കുന്നത് അതായത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) ഒരു ആദർശപുരുഷൻ മാത്രമല്ല, സർവ്വശക്തനായ ദൈവത്തിലുള്ള ഭക്തിക്കും സത്യതയ്ക്കും ഉത്തമമാതൃക മാത്രവുമല്ല, മറിച്ച്, ഇസ്ലാം എന്ന സമൂഹത്തെ ശത്രുക്കളിൽ നിന്നും രക്ഷിക്കുകയും, ദൈവീകമായി ഉയർത്തപ്പെട്ട പ്രസ്തുത സമുദായത്തെ, അതിന്റെ സ്വന്തം കാലിൽ നില്ക്കുവാൻ പഠിപ്പിക്കുകയും, അതിന് ലഭ്യമാകുന്ന ധനസമാഹാരം, ഏറ്റവും ഉചിതവും ഉത്തമവുമായ വഴിയിൽ തിരിച്ചു വിട്ട് സ്വതന്ത്രമായ നിലയിൽ നിലനില്ക്കുവാൻ പഠിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ഇസ്ലാമിന്റെ ഖജനാവ്-വിശ്വാസികളുടെ സംഭാവനകളും ദൈവകല്പന പ്രകാരമുള്ള സക്കാത്തുകളും സംഭാവനകളും-ശരിയായ നിലയിൽ ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നതാണ്. സർവ്വശക്തനായ അല്ലാഹു തീർച്ചയായും, ഏറ്റവും നന്നായി അറിയുന്നവനാണ്. ഹസ്രത് മുഹമ്മദ് മുസത്ഫ(സ)യുടെ ജീവിതകാലത്ത് കുറെശ്ശേയായി, (അറേബ്യൻ ഉപദ്വീപിൽ വിശ്വാസികളുടെ എണ്ണം വർദ്ധിക്കുകയുണ്ടായി. പ്രസ്തുത വർദ്ധനവ് ഖുലഫാഉർറാഷിദീങ്ങളുടെ കാലഘട്ടത്തിൽ പ്രസ്തുത വർദ്ധനവ് തുടർന്നുകൊണ്ടിരുന്നു.

അറേബ്യ മുഴുവൻ മുസ്ലികളായി തീർന്നു എന്നു പറയുന്നത് ശരിയായ കാര്യമല്ല. എന്നാൽ അറേബ്യയിൽ ദൈനംദിന ജീവിതത്തിൽ ഒഴിച്ചുകൂടുവാൻ കഴിയാത്ത ഒരു വ്യവസ്ഥയായി ഭരണരംഗത്തും, വിശ്വാസരംഗത്തും, ജീവിതശൈലീരംഗത്തും അതു സ്വാധീനം ചെലുത്തി എന്നത് ഒരു യാഥാർത്ഥ്യമാണ്. വിശ്വാസികളും എന്തിനേറെ വിശ്വാസികൾ അല്ലാത്തവർ പോലും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ ജീവിതകാലത്തെ മക്കാ വിജയകാലം മുതൽക്ക് തന്നെ അല്ലാഹുവിന്റെ നിയമങ്ങൾ അവരെ നിയന്ത്രിക്കുവാൻ തുടങ്ങി. 2019 നവംബർ 8-ാം തീയതിയിലെ എന്റെ വെള്ളിയാഴ്ച ഖുത്തുബയിൽ ഞാൻ പ്രതിപാദിച്ചതുപോലെ, വിശ്വാസ രംഗത്തും ഭരണരംഗത്തും വിശ്വാസ സ്വാതന്ത്ര്യത്തിനും അന്താരാഷ്ട്രനിയമങ്ങൾക്കും സ്വാതന്ത്ര്യം നല്കുന്ന ഒരേ ഒരു മതം ഇസ്ലാം മാത്രമാ

ണ്, ഇസ്ലാം മറ്റു മതവിശ്വാസങ്ങളെ ആദരിക്കുന്നു. അല്ലാഹുവിന്റെ വ്യക്തമായ കല്പനകളും സ്വീകരിക്കുവാൻ, വിശ്വസിക്കുവാൻ അത് ഒരാളെയും നിർബന്ധിക്കുന്നില്ല.

# FROM RIGHTEOUSNESS TO CORRUPTION

## ധർമ്മത്തിൽ നിന്നും അധർമ്മത്തിലേക്ക്

ഇസ്ലാമിന്റെ ആരംഭകാലത്ത്, അതിനു മുൻപുപോലും പ്രദേശങ്ങൾ കീഴടക്കുക എന്നത് മുസ്ലിംകൾ അല്ലാത്ത വളരെയധികം ആളുകളുടെ നടപടി ക്രമങ്ങളുടെ ഭാഗമായിരുന്നു. വിശിഷ്യാ യുദ്ധവേളയിൽ! പ്രസ്തുത കാലത്തെ ജീവിത രീതിയായിരുന്നു അഥവാ പ്രസ്തുത സമയത്തെ ജീവിത വഴിയായിരുന്നു. അസഹനീയമായ നിലയിൽ മുസ്ലിംകൾ പീഡിപ്പിക്കപ്പെട്ടപ്പോൾ, ദൈവീക കല്പന പ്രകാരം മാത്രമാണ്, ദൈവദൂതൻ, മുഹമ്മദ് മുസ്തഫ(സ) ഇസ്ലാം സമൂഹത്തെ രക്ഷിക്കുവാനായി ആയുധമെടുക്കുന്നത്, യഥാർത്ഥ വിശ്വാസത്തെ സംരക്ഷിക്കുവാനായി ഏകദൈവത്തിൽ വിശ്വസിച്ചതിന്റെ പേരിൽ വളരെയധികം മുസ്ലിംകൾ പീഡിപ്പിക്കപ്പെട്ടു. ഏകദൈവ ആശയം അറബ് ജനതയ്ക്ക് ഉൾക്കൊള്ളാൻ പ്രയാസമായി. കാരണം അവർ ബഹുമുഖവിഗ്രഹങ്ങളെ ആരാധിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവർ വളരെക്കാലമായി, ഇബ്റാഹീം(അ)യുടെയും, അദ്ദേഹത്തിന്റെ മകൻ ഇസ്മാഈൽ (അ)യുടെയും അധ്യാപനങ്ങൾ മറന്നുപോയി കഴിഞ്ഞിരുന്നു.

സമ്പൂർണ്ണവും സമഗ്രവുമായ ഒരു ജീവിത വഴി എന്ന നിലയിൽ ഇസ്ലാമിനെ സ്ഥാപിക്കുവാൻ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) രംഗത്തിറങ്ങുകയുണ്ടായി. ഇസ്ലാം അത്തരം ഒരു ദൈവീകതയാൽ സ്ഥാപിതമായ ഒരു വ്യവസ്ഥിതിയാണ്. മനുഷ്യന്റെ എല്ലാ ജീവിതരംഗത്തും ഇസ്ലാം സ്വാധീനം ചെലുത്തുന്നു. അവനെ അത് സംസ്ക്കരിക്കുന്നു, അവന്റെ ജീവിതം അന്തസ്സായി ജീവിക്കുവാൻ അത് പഠിപ്പിക്കുന്നു. ഹൃദയത്തിൽ ദൈവഭയത്തോടെ ജീവിക്കുവാൻ അത് പഠിപ്പിക്കുന്നു. ജീവിക്കുവാൻ കഠിനമായി യത്നിക്കുവാൻ അത് പഠിപ്പിക്കുന്നു. അവന്റെ കുടുംബത്തെ സംരക്ഷിക്കുവാൻ അവനെ അത് പഠിപ്പിക്കുന്നു. അവന്റെ കുടുംബവും അവന്റെ പ്രദേശവും അഭിവൃദ്ധിപ്പെടു

ത്തുവാൻ അവനെ പഠിപ്പിക്കുന്നു. ഇസ്ലാമിലെ ദൈവത്തിന്റെ നിയമങ്ങൾ ശരിയായ നിലയിൽ ജീവിതത്തിൽ പകർത്തി സ്വാത്വികമായ നിലയിൽ, നല്ല നിലയിൽ കൈകാര്യം ചെയ്ത് ജീവിത ശ്രേയസ്സ് നേടുവാൻ അത് ഉത്തേജിപ്പിക്കുന്നു.

രാഷ്ട്രങ്ങൾ തമ്മിലുള്ള സഖ്യം, സമാധാന ഉടമ്പടികൾ, കരാറുകൾ ഇവ ആദരിക്കപ്പെടുവാൻ പഠിപ്പിക്കുന്നു, ഇസ്ലാം ആശ്ലേഷിക്കുവാൻ ഒരാളെയും അതു നിർബന്ധിക്കുന്നില്ല. അവിശ്വാസത്തിന് ശേഷം വിശ്വാസികളായി തീർന്നവർ ഇസ്ലാമിന്റെ അവിഭാജ്യഘടകമായി മാറുന്നു. അവർ ഇസ്ലാമിക നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു. ഇസ്ലാമിനെ അംഗീകരിക്കാത്തവർ, പ്രദേശത്തെ നാട്ടിലെ നിയമങ്ങൾ അനുസരിച്ച് ജീവിക്കാവുന്നതാണ്. അത് ഇസ്ലാമിനാൽ നിയന്ത്രിക്കപ്പെടുന്നു. ഇസ്ലാം നിർബന്ധത്തിന് ഒരിക്കലും അനുകൂലമല്ല. അതുകൊണ്ട് തന്നെ അവർക്ക് അവരുടെ വിശ്വാസം ആചരിക്കുന്നതിന് യാതൊരു തടസ്സവുമില്ല. സ്വതന്ത്രമായി, സ്വാതന്ത്ര്യത്തോടെ ഭയരഹിതമായി അതവർക്ക് നിർവ്വഹിക്കാവുന്നതുമാണ്. യാതൊരു വിധ മർദ്ദനവും ഭീഷണിയും ഉണ്ടാകുവാൻ പാടുള്ളതുമല്ല.

വളരെകാലങ്ങൾക്ക് ശേഷം, ഇസ്ലാമിക് സ്റ്റേറ്റിന്റെ തലപ്പത്തു വന്നവരുടെ തെറ്റായ നടപടി ക്രമങ്ങൾമൂലം, അഴിമതിക്കാരായ ആളുകൾ ഭരണരംഗത്തുവന്നതോടെ, ഇസ്ലാമിന്റെ അധ്യാപനങ്ങളെ അവർ വലിച്ചെറിഞ്ഞു, അധികാര മോഹികളായ ആളുകൾ, നിയമങ്ങൾ അവരുടെ കൈകളാൽ ഉണ്ടാക്കി, അവരത് കയ്യിലെടുത്തു. അതിനുള്ള ഏറ്റവും വ്യക്തമായ തെളിവാണ് മുആവിയ ഇബ്ന് യസീദിന്റെ ഭരണകാലത്ത് ഹസ്രത് ഇമാം ഹുസൈൻ(റ) വിനെതിരിൽ നടത്തിയ അക്രമങ്ങൾ!

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. അല്ലാഹു(ത) ഉദ്ദേശിക്കുന്നിടത്തോളം കാലം പ്രവാചകത്വം നിലനില്ക്കും, അവനുദ്ദശിക്കുമ്പോൾ അവനത് നീക്കം ചെയ്യുന്നതാണ്. പിന്നീട് പ്രവാചകത്വ രീതിയിലുള്ള ഖിലാഫത്തു വരുന്നതാണ്. അതും അല്ലാഹു(ത) ഇച്ഛിക്കുന്നിടത്തോളം നിലനില്ക്കുന്നതാണ്. അവനുദ്ദേശിക്കുമ്പോൾ അവൻ അതിനെയും നീക്കം ചെയ്യുന്നതാണ്. പിന്നീട്

അല്ലാഹു ഉദ്ദേശിക്കുന്നിടത്തോളം ചതിയന്മാരായ രാജാക്കന്മാർ ഉണ്ടായിവരും, പിന്നീട് അവൻ ഉദ്ദേശിക്കുമ്പോൾ അതിനെയും നീക്കം ചെയ്യും. പിന്നീട് മർദ്ദകരായ രാജാക്കന്മാർ വരുന്നതാണ് അല്ലാഹു ഉദ്ദേശിക്കും കാലം അതും നിലനില്ക്കും, പിന്നീട് അല്ലാഹു(ത) അതും നീക്കം ചെയ്യുന്നതാണ്. അതിനു ശേഷം പ്രവാചകത്വ രീതിയിലുള്ള ഖിലാഫത്ത്, ഉണ്ടായി വരുന്നതാണ്, അതിനു ശേഷം അദ്ദേഹം നിശ്ശബ്ദനായി (അഹ്മദ്)

ലോകജീവിതത്തിന്റെ ഇതിവൃത്തം ഇപ്രകാരമാണ്. അല്ലാഹുവിന്റെ പ്രവാചകൻ സമാഗതമാകുമ്പോൾ സംശുദ്ധത ഉണ്ടാകുന്നു. പ്രവാചക ആഗമനത്തിനു മുൻപ് നിലനില്ക്കുന്ന ദുർനടപടികളാകുന്ന വ്യവസ്ഥിതി അല്ലാഹു(ത)യുടെ ഇച്ഛയാൽ ശുദ്ധീകരിക്കപ്പെടുന്നു. നിലനിന്ന എല്ലാ വ്യവസ്ഥിതികളും ആരംഭത്തിൽ ശുദ്ധതയുള്ളതു തന്നെ ആയിരുന്നു. എന്നാൽ കാലം കഴിഞ്ഞതോടെ മനുഷ്യരുടെ കരങ്ങളാൽ അവ അശുദ്ധങ്ങളായി. അവ ശുദ്ധീകരിച്ചശേഷം, കുറെശ്ശെയായി കൂടുതൽ ആളുകൾ അതിൽ പ്രവേശിക്കുമ്പോൾ, ദൈവീക സമൂഹത്തിൽ പ്രവേശിക്കുമ്പോൾ, മരണപ്പെട്ട പ്രവാചകന്റെ ബാനറിൻ കീഴിൽ കടന്നുകൂടുമ്പോൾ, പ്രസ്തുത അധ്യാപനങ്ങളിൽ അവർ അവരുടെതേയ ആശയങ്ങൾ നൂതനമായി കണ്ടെത്തുന്നു. അവർ പ്രസ്തുത വിപത്തിൽ പതിക്കുന്നു. മറ്റുള്ളവരേയും പ്രസ്തുത വിപത്തിൽ അവരോടൊപ്പം കൊണ്ടെത്തിക്കുന്നു. ഈസ(അ)യുടെ ഇസ്രയേൽ ഗോത്രത്തിലെ കാണാതായ ഗോത്രങ്ങളെ അന്വേഷിച്ചുള്ള യാത്ര തുടർന്ന, പോൾ, യേശുവിന്റെ പ്രതിനിധിയാണെന്ന് സ്വയം പ്രഖ്യാപിക്കുകയായിരുന്നു. ക്രിസ്ത്യാനികളെ നിയന്ത്രിക്കുവാനുള്ള വിദേശത്തുള്ള അധികാരിയാണ് താൻ എന്ന് സ്വയം പ്രഖ്യാപിക്കുകയായിരുന്നു.

ഇത്, ഒരു കാലഘട്ടമാണ്. ഒരുദൈവ പ്രവാചകന്റെ കാലത്ത് ജീവിച്ചിരിക്കുക എന്നതും അതിന് സാക്ഷ്യം വഹിക്കുക എന്നതും വാസ്തവത്തിൽ വളരെ വലിയ ഭാഗ്യം തന്നെയാണ്. നിയമവാഹകരായ പ്രവാചകന്മാരുടെ വാതിൽ എന്നന്നേക്കുമായി അടച്ചുകഴിഞ്ഞു. പിന്നെ തുറന്നു കിടക്കുന്നത് നിയമവാഹകരല്ലാത്ത പ്രവാചകന്മാരുടെ വാതിലുകളാണ്.

അവർ ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ യഥാർത്ഥ അനന്തരാവകശികളാണ്. ഇസ്ലാമിൽ ജനങ്ങളെ സംസ്കരിക്കുന്നതിനായിട്ടാണ് അവർ വരുന്നത്. യഥാർത്ഥ വിശ്വാസത്തിന്റെ കൊടുമുടിയിലേക്ക് അവരെ അദ്ദേഹം കൂട്ടിക്കൊണ്ടു പോകുന്നു. യഥാർത്ഥമായ നിലയിലുള്ള ദൈവ വിശ്വാസത്തിലേക്കും ഏകത്വത്തിലേക്കും!

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) ഖാത്തമുന്നബിയ്യീൻ ആണ്. അദ്ദേഹം പ്രഖ്യാപിച്ചത് ഹദീസിൽ നിങ്ങൾ കണ്ടു കഴിഞ്ഞതാണ്. തൊട്ടുമുൻപ് ഞാൻ എടുത്തു പറഞ്ഞതുമാണ്. അദ്ദേഹം തന്റെ അനുചരന്മാരെയും, വിശ്വാസികളെ പൊതുവിലും, അറിയിച്ചതാണ്, അഴിമതിക്ക് ശേഷം നിങ്ങൾ നിരാശരാകരുത് എന്ന്! അല്ലാഹു(ത) അത്തരം പ്രവാചകന്മാരെ വീണ്ടും നിയോഗിക്കുന്നതാണ്, അവർ എന്റെ അനുയായികളായിരിക്കുമെന്നും പ്രവചനം ചെയ്തിട്ടുള്ളതാണ്. അവർ ഒരു നിലയിൽ ഖലീഫത്തുല്ലാഹ്മാരായിരിക്കും. അതോടൊപ്പം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) യുടെ പ്രതിനിധികളുമായിരിക്കും. അദ്ദേഹത്തിന്റെ യഥാർത്ഥ അനന്തരാവകാശികളായിരിക്കും അവർ! ഇസ്ലാമിക വ്യവസ്ഥിതിയെ മൊത്തത്തിൽ നല്ല നിലയിൽ കൈകാര്യം ചെയ്യുന്നത് അവരായിരിക്കും. വിശ്വാസ പ്രമാണത്തിന്റെ അടിസ്ഥാനത്തിലും, വിശ്വാസപരമായും, നിയമാനുസൃതമായും ഭരണം നടത്തുന്നതും അവരായിരിക്കും, നാട്ടിൽ ക്രമസമാധാനം നിലനിർത്തുന്നതും അവരിലൂടെ ആയിരിക്കും, അങ്ങനെ ലോകം മുഴുവൻ ക്രമസമാധാന പാലനം അവരിലൂടെ നടത്തപ്പെടുന്നതാണ്. അപ്രകാരമുള്ളവനാണ് അല്ലാഹു! ഏറ്റവും നല്ല പദ്ധതി തയ്യാറാക്കുന്നവൻ അവൻ തന്നെ!അവൻ അത്തരം ഒരു പദ്ധതി വിഭാവന ചെയ്തിരിക്കുകയാണ്. അത് മതപരമായ നിലയിലും ഭൗതിക പരമായ നിലയിലും! ദൈവീക ആശയങ്ങൾക്കനുസൃതമായി ലോകത്തെ എങ്ങനെ നിയന്ത്രിക്കണമെന്ന് ഏറ്റവും നന്നായി അറിയുന്നവൻ അവൻ മാത്രമാണ് എന്നാൽ അത്ഭുതം എന്നുപറയട്ടെ! വളരെ കുറച്ച് പേർമാത്രമാണ് കാര്യങ്ങൾ ഗ്രഹിക്കുന്നത്!

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ മഹത്വം അല്ലാഹു(ത) എപ്പോഴും മഹോന്നതമാക്കട്ടെ! ഖാത്തമുന്നബിയ്യീൻ എന്ന പദവി എന്നെന്നും നിലനിർത്തട്ടെ! അദ്ദേഹത്തിന്റെ മേൽ ചാർത്തുന്ന എല്ലാ മ്ളേഛ ആരോപണങ്ങൾക്കും അത് തടയാകട്ടെ! ഏറ്റവും നല്ല ജീവിത വഴി ഇസ്ലാം ആണെന്ന് ലോകം മനസ്സിലാക്കട്ടെ! ദൈവീക കല്പനകൾ അനുസരിച്ച്, ലോകം പ്രവർത്തിക്കട്ടെ! അങ്ങനെയായാൽ ലോകം ഖേദത്തിന്റെ പടുകുഴിയിൽ പതിക്കാതിരിക്കും! പൈശാചിക ശക്തികളുടെ കെണിയിൽ അകപ്പെടാതിരിക്കും. യഥാർത്ഥ വിശ്വാസികളെ അല്ലാഹു(ത) ഈ ആത്മീയ പോരാട്ടത്തിന് പ്രാപ്തമാക്കട്ടെ, ശാരീരികമായും മാനസ്സികമായും ആത്മീയമായും നിങ്ങളിൽ നിന്നാണ് ഈ ആത്മീയ കാഹളം മുഴങ്ങേണ്ടത്! മറ്റുള്ളവരിലുള്ള എല്ലാ മറകളും അഴിഞ്ഞുവീഴട്ടെ! ഇസ്ലാമിന്റെ യഥാർത്ഥ സൗന്ദര്യത്തെ പ്രകാശ പൂരിതമായ നിലയിൽ, ലോകജനത ഇസ്ലാമിനെ നോക്കി കാണട്ടെ! ഇൻശാ അല്ലാഹ്! ആമീൻ.

യാ അല്ലാഹ്! ഹസ്രത് മുഹമ്മദ് മുസ്തഫ(സ)നെ നീ അനുഗ്രഹിക്കണമെ! നബികരീം(സ)യുടെ അനുചരന്മാരെയും നീ അനുഗ്രഹിക്കേണമെ! ഇബ്റാഹീം നബി(അ)നെ അനുഗ്രഹിച്ചതുപോലെ, ഇബ്റാഹീം നബി(അ)യുടെ അനുചരന്മാരെ അനുഗ്രഹിച്ചതുപോലെ! തീർച്ചയായും നീഹമീദും മജീദുമാണ്.

ഇൻഷാ അല്ലാഹ് ! ആമീൻ!




*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*